*ബാബ അപരാഹ്നവേളകളിൽ പ്രശാന്തിനിലയത്തിലെ വരാന്തയിൽ തനിക്കു ചുറ്റും കൂടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രധാന സന്ദേശങ്ങളിൽ ചിലത് തെരഞ്ഞെടുത്ത് അധിക സത്സംഗമായി അവതരിപ്പിക്കുകയാണ് പ്രഫസർ അനിൽകുമാർ. പ്രശാന്തിനിലയത്തിൽ നടന്ന പല സംഭവങ്ങളും ഇതിൽ പരാമർശിക്കപ്പെടുന്നു. ഈ പ്രഭാഷണം തുടരും.*

# വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ

### പ്രഫസർ അനിൽകുമാറിന്റെ സത്സംഗം

## സായീ വിവേകമുത്തുകൾ(Sai Pearls of Wisdom) ഭാഗം 33D

### പ്രശാന്തി സന്ദേശം ഞായർ പോഡ്കാസ്റ്റ്

## ഏതു രൂപവും!!!

ഓം ശ്രീ സായിരാം.

പ്രശാന്തി സന്ദേശത്തിലേക്ക് സ്വാഗതം.

സ്വാമിക്ക് ഏതു രൂപം വേണമെങ്കിലും ധരിക്കാം എന്നുള്ളത് ഇവിടെ നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് ഞാനാഗ്രഹിക്കുകയാണ്. അവിടുന്ന് ഇച്ഛിക്കുന്ന പക്ഷം, സാഹചര്യവും ആവശ്യവും അനുസരിച്ച്, അവിടുന്നിന് സ്വയം ഏതു രൂപം വേണമെങ്കിലും സ്വീകരിക്കാനാവും.




ഇതിലേക്കായി ഞാൻ നിങ്ങൾക്ക് മൂന്ന് സംഭവങ്ങൾ നൽകാം, ഇതിലേക്കായി നിരവധി അനുഭവങ്ങൾ ഉണ്ടെന്നാകിലും. സകല രൂപങ്ങളും അവിടുത്തേതാകുന്നു, സകല നാമങ്ങളും അവിടുത്തേതാകുന്നു എന്ന് അറിയുന്നതിന് പക്ഷേ, ഇവ മതിയാകും!

ഉദാഹരണമായി, നമുക്ക് ആദ്യത്തെ സംഭവമെടുക്കാം, ഡോ.രാമകൃഷ്ണറാവുവിനെ സംബന്ധിക്കുന്ന ആദ്യത്തേത് നോക്കാം-ഈ രാജ്യത്ത് വളരെ, വളരെ പ്രസിദ്ധനാണ

ദ്ദേഹം. അദ്ദേഹം പല സംസ്ഥാനങ്ങളിലും ഗവർണറായിരുന്നു. അദ്ദേഹം ഹൈദരാബാദ് സംസ്ഥാനത്ത് മുഖ്യമന്ത്രിയായും സേവനം അനുഷ്ഠിച്ചിരുന്നു. അദ്ദേഹം പല സ്ഥാന ങ്ങളും അലങ്കരിച്ചിരുന്ന ആളാണ്; സ്വാമിയോട് വളരെ അടുപ്പമുള്ള വ്യക്തിയാണ് ഡോ. ബുർഗുല രാമകൃഷ്ണറാവു; അദ്ദേഹം ഭഗവാന്റെ വളരെ അടുപ്പമുള്ള, അഗാധ ഭക്തനാണ്. ഭഗവാന്റെ കിഴക്കൻ ആഫ്രിക്കൻ പര്യടനത്തിന് കാരണക്കാരൻ ഡോ.രാമകൃഷ്ണറാവു ആണ്.



ഡോ.രാമകൃഷ്ണറാവു സ്വാമിക്കൊപ്പം വേദിയിൽ

സ്വാമിക്ക് അദ്ദേഹത്തെ വളരെ ഇഷ്ടമാണ്, എന്തുകൊണ്ടെന്നാൽ അദ്ദേഹം എവിടെ യായിരുന്നാലും, ഏതു സ്ഥാനത്തായിരുന്നാലും, അദ്ദേഹം എല്ലായ്പോഴും ഭഗവാന് രാജ കീയ സ്വീകരണമാണ് എല്ലായ്പോഴും നൽകിയിരുന്നത്, രാജകീയ സ്വീകരണം! വാസ്ത വത്തിൽ, ഞാൻ പറയട്ടെ, ഡോ.രാമകൃഷ്ണറാവു വിനയത്തിന്റെ, ലാളിത്യത്തിന്റെ ആൾരൂപമാണ്. ഇത്തരുണത്തിൽ ഞാൻ കൂട്ടിച്ചേർത്തുകൊള്ളട്ടെ, അദ്ദേഹത്തിന് ഏക ദേശം 14 ഭാഷകൾ വശമുണ്ട്-അതുപോലെ ആരെയും തന്നെ ഞാൻ ഇന്നേവരെ കണ്ടിട്ടി ല്ല.

അദ്ദേഹത്തിന്റെ അനുഭവം ഞാൻ വിവരിക്കാം. ഈ ദമ്പതിമാർ ഒരു ട്രെയിനിൽ യാത്ര ചെയ്യുകയായിരുന്നു, ഗവർണർ എന്ന നിലയ്ക്ക്, അവർക്ക് ഒരു പ്രത്യേക വേറിട്ട കംപാർട്ട്മെന്റ് അനുവദിച്ചിരുന്നു. അവരവിടെ ഇരിക്കുകയാണ്, ട്രെയിൻ അതിവേഗം പായുകയാണ്. പെട്ടെന്ന് രാമകൃഷ്ണറാവുവിന്റെ പത്നി മുകളിലായി തീ പരക്കുന്നത് ശ്രദ്ധിച്ചു. അവിടെയുള്ള ഇലക്ട്രിക് വയറുകളിൽനിന്ന് തീ ഉയരുന്നു! എന്തു വേണമെന്ന റിയാതെ അവർക്ക് വളരെ ആധിയായി. പാതിരാത്രിയായിരുന്നു അത്- ട്രെയിൻ വേഗത്തിൽ കുതിക്കുകയാണ്, ആ മുഴുവൻ കംപാർട്ട്മെന്റിലും ആ ദമ്പതിമാരൊഴികെ മറ്റാരുമില്ല!

ആ നിമിഷം, പെട്ടെന്ന് ഒരു ഇലക്ട്രീഷ്യൻ അയാളുടെ ഉപകരണങ്ങൾ സഹിതം ആ കംപാർട്ട്മെന്റിന്റെ കതകു തുറന്ന് അകത്ത് പ്രവേശിക്കുന്നതാണ് അവർ കണ്ടത്. ഈ ഇലക്ട്രീഷ്യന് ട്രെയിൻ നല്ല വേഗതയിൽ ഓടിക്കൊണ്ടിരിക്കുമ്പോൾ എങ്ങനെ ആ കംപാർട്ട്മെന്റിൽ കതകു തുറന്ന് കയറാനായി എന്നത് ശരിക്കും അതിശയമായിരുന്നു.

ഏതായാലും ശരി! ഇലക്ട്രീഷ്യൻ അകത്ത് പ്രവേശിച്ചു, ഉടനെ അയാൾ പറഞ്ഞു, "ഞാൻ നിങ്ങളെ സഹായിക്കാം!" അയാൾ കൊണ്ടു വന്ന ഉപകരണങ്ങൾ കൊണ്ട് അയാൾ അവിടെ കണ്ട തീ മുഴുവനും അണച്ചു. തീ മുഴുവനും അണയ്ക്കപ്പെട്ടു, പ്രശ്നമൊക്കെ പരിഹരിക്കപ്പെട്ടു.



ഡോ.രാമകൃഷ്ണറാവു(യു.പി.ഗവർണർ) സ്വാമിക്കൊപ്പം: ബദരീനാഥ് സന്ദർശനം

ജോലി തീർന്നപ്പോൾ, ദമ്പതിമാർക്ക് ഇപ്പോൾ സമാധാനമായി. എന്നിട്ട് ഈ ഇലക്ട്രീഷ്യൻ വാതിലിനടുത്ത് ഇരിപ്പായി. ട്രെയിൻ നല്ല വേഗതയിൽ ഓടിക്കൊണ്ടിരിക്കുകയാണെന്ന് ഓർക്കണം!

പെട്ടെന്ന് രാമകൃഷ്ണറാവുവിന്റെ പത്നിക്ക് തോന്നുകയാണ്, ഈ മനുഷ്യൻ ഇവിടെ എങ്ങനെയെത്തി? ഇയാൾ ഇപ്പോഴും ഇവിടെയിരിക്കുന്നതേയുള്ളൂ. ഇയാൾക്ക് എങ്ങനെ അകത്ത് പ്രവേശിക്കാനായി? ഇയാൾ എപ്പോളാണ് പോവുക? ഒരു പക്ഷേ ഇയാളൊരു കള്ളനാവാം, ഇയാളൊരു കവർച്ചക്കാരനാവാം! ഈ നേരത്ത് ആര് നമ്മെ സഹായിക്കും? ഇതാണ് അവർക്ക് തോന്നിയത്.

ഏതാനും നിമിഷങ്ങൾ കഴിഞ്ഞ്, ആ ഇലക്ട്രീഷ്യൻ എണീറ്റിട്ട് പറഞ്ഞു, "അമ്മാ, ഞാൻ പോവുകയാണ്. ദയവായി വാതിൽ അടയ്ക്കുക. സൂക്ഷിച്ചോളുക!" ഇപ്രകാരം പറഞ്ഞിട്ട്,

അയാൾ സ്വയം അവിടം വിട്ടുപോയി. എങ്ങനെ? ട്രെയിൻ നല്ല വേഗതയിൽ ഓടിക്കൊണ്ടിരിക്കുകയാണ്.




ആർക്കുമറിയില്ല! ദമ്പതിമാർ കതകടച്ചു. വല്ല വിധേനയും അവർ യാത്ര മുഴുമിപ്പിച്ചു, അവരുടെ ലക്ഷ്യസ്ഥാനത്ത് എത്തിച്ചേർന്നു.

രണ്ടോ മൂന്നോ മാസങ്ങൾക്കു ശേഷം, ദമ്പതിമാർ അവരുടെ ബോഡിഗാർഡുകളുടെ അഥവാ എ.ഡി.സി. (aide-de-camp)മാർക്കൊപ്പം വിമാനത്തിൽ മറ്റൊരു സംസ്ഥാനത്തേക്ക് യാത്ര പോവുകയായിരുന്നു. അദ്ദേഹം ഗവർണർ പദവിയിലാണ്. വിമാനം പറക്കുകയായിരുന്നു, പക്ഷേ അതിന്റെ എഞ്ചിന് എന്തോ തകരാറ് സംഭവിക്കുകയുണ്ടായി, വിമാനത്തിന് തകരാറിലാണെന്ന് പൈലറ്റ് അനൗൺസ് ചെയ്യുകയുമുണ്ടായി. വിമാനത്തിന്റെ ഇടതുവശത്തെ എഞ്ചിനാണ് കുഴപ്പം, അതുകൊണ്ട് അദ്ദേഹം അവിടെയുള്ള ദമ്പതിമാർക്ക് മുന്നറിയിപ്പ് നൽകിയതാണ്. അവർ വളരെയധികം പരിഭ്രമിച്ചുപോയി. എന്തു ചെയ്യാനാണ്? പൈലറ്റ് ഭഗവാന്റെ ഭക്തനായിരുന്നു. ബോഡിഗാർഡുകളിൽ ഒരാൾ ഭഗവാന്റെ ഭക്തനായിരുന്നു. ആ രാമകൃഷ്ണ ദമ്പതിമാർ സ്വയം മാതൃകാ ഭക്തരായിരുന്നു.

അവരെല്ലാവരും സ്വാമിയോട് പ്രാർത്ഥിക്കുകയായിരുന്നു. വിമാനം പറക്കുകയാണ്. അത് മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണ്, എന്നാൽ ആരുടെയും സഹായമില്ലാതെതന്നെ



എഞ്ചിന്റെ തകരാറ് റിപ്പയർ ചെയ്യപ്പെട്ടു, വിമാനത്തിന് വിജയകരമായി ലാൻഡ് ചെയ്യാൻ കഴിഞ്ഞു. രാമകൃഷ്ണ ദമ്പതിമാർ പുറത്തിറങ്ങി. എന്നിട്ട് രാമകൃഷ്ണറാവു ഭഗവാൻ ബാബയ്ക്ക് നന്ദി പറഞ്ഞുകൊണ്ട് ഫോൺ ചെയ്തു.

“സ്വാമീ, അവിടുന്ന് ഞങ്ങളെ രക്ഷിച്ചു. വിമാനം ഗുരുതരമായ സാഹചര്യം നേരിടുകയായിരുന്നു. ഞങ്ങൾക്ക് ഞങ്ങളുടെ ജീവൻ നഷ്ടമായേനേ. അവിടുന്ന് ഞങ്ങളെ രക്ഷിച്ചു. താങ്ക് യു സ്വാമീ!”

അപ്പോൾ ഭഗവാൻ ചിരിച്ചിട്ട്, അദ്ദേഹത്തെ അനുഗ്രഹിച്ചിട്ടു പറഞ്ഞു, “നീ ഇത് പറഞ്ഞു. ആ ട്രെയിനിന്റെ കാര്യം നീ എന്തുകൊണ്ട് സൂചിപ്പിച്ചില്ല? ഞാൻ നിന്നെയും നിന്റെ ഭാര്യയെയും രക്ഷിക്കുകയുണ്ടായി, അവളെന്നെ കള്ളനായി കരുതി!” സ്വാമി ചിരിച്ചു! ഈ ആളുകൾ അപ്പോൾ ട്രെയിനിലെ പഴയ സംഭവം ഓർമ്മിച്ചു-കറന്റ് പ്രശ്നമായത്, വയ

റിൽനിന്ന് തീ ഉയർന്നത്. ഭഗവാൻ ഒരു ഇലക്ട്രീഷ്യന്റെ രൂപം ധരിച്ചത് നിങ്ങളെ അറിയിക്കാനാണ് ഈ ഉദാഹരണം പരാമർശിച്ചത്.
ആന്ധ്രാപ്രദേശിലെ വെസ്റ്റ് ഗോദാവരി ജില്ലയിലെ ഒരു വലിയ മനുഷ്യന്റെ മറ്റൊരു ദൃഷ്ടാന്തം നിങ്ങളോട് ഞാൻ പറയട്ടെ. ഇല്ലിണ്ടലപാരു എന്ന പേരിൽ ഒരു ഗ്രാമമുണ്ട്. ഇല്ലിണ്ടലപാരു. ഈ മനുഷ്യൻ ആ ഗ്രാമത്തിലെ മനുഷ്യനാണ്. അദ്ദേഹത്തിന്റെ പേര് പി. വിശ്വനാഥ ശർമ്മ എന്നാണ്. പി.വിശ്വനാഥ ശർമ്മ. ഒരു കാലത്ത്, അദ്ദേഹം ജില്ലാ പ്രസിഡണ്ടായിരുന്നു. വിശ്വനാഥ ശർമ്മ ഭഗവാൻ ബാബയുടെ അഗാധ ഭക്തനായിരുന്നു. ഒരു പ്രായം ചെന്ന മനുഷ്യൻ. ആളുകൾ പറയുന്നത്, അദ്ദേഹം ഷിർഡി ബാബയുടെ കഥകൾ വിവരിക്കുമ്പോൾ, സത്യസായി ഭഗവാന്റെ ലീലകൾ വർണ്ണിക്കുമ്പോൾ, നിങ്ങൾക്ക് അദ്ദേഹത്തിനൊപ്പം രാവും പകലും ചെലവിടാനാവും. അദ്ദേഹം തന്റെ അതിശയകരമായ വർണ്ണനയ്ക്ക്, മികച്ച ആശയവിനിമയ പാടവത്തിന് അറിയപ്പെടുന്നയാളാണ്.

ഈ പി.വിശ്വനാഥ ശർമ്മ എന്റെ സ്വന്തം പട്ടണം സന്ദർശിക്കാനിടയായി. ഇതെല്ലാം നടക്കുന്നത് ഏതാണ്ട് 45 വർഷം മുമ്പ് എന്റെ ഹോം ടൗണായ ആന്ധ്രാപ്രദേശിലെ ഗുണ്ടൂരിലാണ്. വിശ്വനാഥ ശർമ്മ വന്നിട്ട് ഞങ്ങളുടെ സമിതി ഭജനയിൽ പങ്കെടുത്തു, ഞങ്ങളെ അഭിസംബോധന ചെയ്യുന്നതിനായി ഞങ്ങളെല്ലാവരും കൂടി അദ്ദേഹത്തോട് അപേക്ഷിച്ചു. വിശ്വനാഥ ശർമ്മ പറഞ്ഞതാണ് ഈ സംഭവം.
ആ വർഷം, ഈശ്വരമ്മ ദിനം കൊണ്ടാടുന്ന മെയ് 6-ന് അദ്ദേഹം കൊവ്വൂരിൽ ആയിരുന്നു. നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ, ഈശ്വരമ്മ ദിനം വലിയ രീതിയിലാണ് ആഘോഷിക്കപ്പെടുന്നത്, നഗരസങ്കീർത്തനം തൊട്ട് വൈകുന്നേരത്തെ സാംസ്കാരിക പരിപാടികൾ വരെയുള്ള മുഴുവൻ പരിപാടികളും കുട്ടികളുടെ മേൽനോട്ടത്തിലാണ്. ശരി, കൊവ്വൂരിൽ ഈ പരിപാടികൾ നടന്നുകൊണ്ടിരിക്കുകയായിരുന്നു, പി. വിശ്വനാഥ ശർമ്മ ആ ദിവസം കൊവ്വൂരിൽ വരാനിടയായി. അദ്ദേഹം കൊവ്വൂരിലെ, വെസ്റ്റ് ഗോദാവരി, സമിതി കൺവീനറായിരുന്ന, കൊവ്വൂർ സത്യസായി സേവാ സമിതി പ്രസിഡണ്ടായിരുന്ന, എം. സൂര്യനാരായണ മൂർത്തിയോട് സംസാരിക്കുകയായിരുന്നു. തീർച്ചയായും, ഇതിനു പുറമെ, അദ്ദേഹം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലെ ഒരു ഉദ്യോഗസ്ഥൻ കൂടിയായിരുന്നു.

ശരി, പ്രോഗ്രാം അങ്ങനെ നടന്നുകൊണ്ടിരിക്കുകയാണ്. നാരായണസേവയുടെ സമയമായി. കുട്ടികൾ, ഞങ്ങളുടെ സമ്പ്രദായമനുസരിച്ച് ചിട്ടയായി വരികളിലിരിക്കുന്ന പാവപ്പെട്ടവർക്ക് ആഹാരം വിളമ്പുകയാണ്. ഒരു റെയിൽവെ പോർട്ടർ അവിടെ വന്നു, തന്റെ കൈകൾ നീട്ടിക്കൊണ്ട് കുട്ടികളോട് ആഹാരത്തിനായി അപേക്ഷിച്ചു. സ്വാഭാവികമായും

നമ്മുടെ കുട്ടികൾ അദ്ദേഹത്തിന് രണ്ടു ഭക്ഷണപ്പൊതികൾ നൽകി, കുറച്ച് മധുരവും. ആ റെയിൽവെ പോർട്ടർ അത് കഴിച്ചിട്ട് തൊട്ടടുത്തുള്ള ഒരു ടാപ്പിന്റെ അടുത്തേക്ക് പോയി, എല്ലാം കഴുകി, അവശിഷ്ടങ്ങളൊക്കെ അവിടെ ഇട്ടിട്ട് അയാൾ ആ രണ്ട് ആളുകളുടെ അടുത്തേക്ക് ചെന്നു-പി.വിശ്വനാഥശർമ്മയും എം. സൂര്യനാരായണ മൂർത്തിയും- ആ സമയത്ത് അവർ വലിയ ചർച്ചയിലായിരുന്നു.

നിങ്ങൾക്കറിയാം, റെയിൽവെ പോർട്ടർമാരുടെ വേഷം കാക്കി നിക്കറും നീല ഷർട്ടും ചെമന്ന തലേക്കെട്ടുമാണ്. ഈ പ്രായം ചെന്ന ആളുകളുടെ സംഭാഷണവിഷയം എന്തായിരുന്നുവെന്നോ? അവർ പറയുകയായിരുന്നു, ‘‘എന്തുകൊണ്ടാണ് പല ഭക്തരും നമ്മുടെ സമിതി ഭജനകളിൽ പങ്കെടുക്കാതിരിക്കുന്നത്? എന്തുകൊണ്ടാണ് പലരും നമ്മുടെ സേവാ പ്രവർത്തങ്ങളിൽ പങ്കെടുക്കാത്തത്? എന്തുകൊണ്ടാണ് മിക്ക ആളുകളും നഗരസങ്കീർത്തനത്തിന് വരാതിരിക്കുന്നത്? എന്തുകൊണ്ട്?’’ ഇതൊക്കെയാണ് അവർ ചർച്ച ചെയ്തുകൊണ്ടിരുന്നത്.

അവരുടെ അടുത്തു ചെന്ന റെയിൽവെ പോർട്ടർ പെട്ടെന്ന് തന്റെ ശബ്ദമുയർത്തി വിളിച്ചു, ‘‘സൂര്യനാരായണ മൂർത്തീ!’’ ശരി, അവർ അത്ഭുത സ്തബ്ധരായി. അവർ ഞെട്ടിപ്പോയി, ഒരു റെയിൽവെ പോർട്ടർ അപ്രകാരം തന്നെ പേരെടുത്ത് വിളിക്കുക, അതും വലിയ ഒച്ചയെടുത്ത്! അവർക്ക് വിശ്വസിക്കാനായില്ല. എന്നിട്ട് ഈ പോർട്ടർ പറയാൻ തുടങ്ങി, ‘‘ആളുകൾ എന്തുകൊണ്ട് വരുന്നില്ല എന്ന് നിങ്ങൾ ചോദിക്കുന്നു. പക്ഷേ, നിങ്ങൾ പതിവായി പങ്കെടുക്കാറുണ്ടോ? നിങ്ങൾ നഗരസങ്കീർത്തനത്തിൽ പങ്കെടുത്തുവോ? നിങ്ങൾ ഏതെങ്കിലും ഭജനയ്ക്ക് പങ്കെടുത്തോ? കൊള്ളാം, നിങ്ങൾ പങ്കെടുക്കുന്നില്ല, എന്നിട്ട് നിങ്ങൾ അംഗങ്ങളെ കുറ്റം പറയുകയാണ്! സംഘടനയുടെ നേതാക്കളെന്ന നിലയ്ക്ക്, നിങ്ങളാണ് മറ്റുള്ളവർക്ക് മാതൃകയാവേണ്ടത്. നിങ്ങളുടേതാണ് കുഴപ്പം!’’

ആ പോർട്ടർ ഇപ്രകാരം ഒച്ച വയ്ക്കുമ്പോൾ, സൂര്യനാരായണ മൂർത്തി, സായി സെന്റർ പ്രസിഡണ്ട്, മനസ്സിലാക്കി അത് സാധാരണ ഒരു പോർട്ടറല്ല എന്ന്. അത് സായിബാബ തന്നെയാവണം, എന്തുകൊണ്ടെന്നാൽ ആരുംതന്നെ തന്നെ പേര് വിളിക്കാൻ ധൈര്യപ്പെടില്ല, അത്രയ്ക്ക് ഉച്ചത്തിൽ! ഉടനടി അദ്ദേഹം വീട്ടിലേക്ക് ചെന്നു, അലമാര തുറന്ന് രണ്ടു സിൽക്ക് മുണ്ടുകളെടുത്തു.

അദ്ദേഹത്തിന്റെ ഭാര്യ തിരക്കി, ‘‘അങ്ങിത് എവിടെ കൊണ്ടുപോവുകയാണ്?’’

“നീ മിണ്ടാതിരിക്ക്. ബാബ ഇവിടെ വന്നിട്ടുണ്ട്. ഞാൻ ഓടിച്ചെല്ലട്ടെ!” അങ്ങനെ അദ്ദേഹം ആ രണ്ട് സിൽക്ക് ധോത്തികളുമെടുത്ത് അവിടെ ചെല്ലുമ്പോൾ പോർട്ടർ അവിടെയുണ്ട്. തീർച്ചയായും, പോർട്ടർ വേഷത്തിൽ വന്ന സത്യ സായി ബാബ! അദ്ദേഹം ആ രണ്ട് സിൽക്ക് ധോത്തികളും റെയിൽവെ പോർട്ടർക്ക് കൊടുത്തു; വീണ്ടും ആ റെയിൽവെ പോർട്ടർ ഒച്ച വച്ചു, “നീ എന്തിനാണിത് എനിക്ക് തരുന്നത്? എന്റെ ജന്മദിനത്തിന്, ഇത്ത രത്തിൽ എനിക്ക് വസ്ത്രം സമ്മാനിക്കരുത് എന്ന് നിങ്ങളോട് പറഞ്ഞില്ലേ ഞാൻ?” അയാൾ പറഞ്ഞു.

ആ വർഷം ജന്മദിനാഘോഷവേളയിൽ, എന്തുതന്നെയായാലും ആരുംതന്നെ തനിക്ക് വസ്ത്രം സമ്മാനിക്കരുത് എന്ന് സ്വാമി പറഞ്ഞിരുന്നത് അപ്പോൾ അവരോർമ്മിച്ചു! പോർട്ടറുടെ വേഷത്തിൽ വന്നിട്ടുള്ളത് തീർച്ചയായും സത്യ സായിബാബ തന്നെ യാണെന്ന് അപ്പോൾ അവർക്ക് മനസ്സിലായി. ആ പോർട്ടർ രണ്ട് ധോത്തികളും എടുത്തിട്ട് പറഞ്ഞു, “ഞാൻ നിരസിച്ചാൽ, നീ തീർച്ചയായും കരയും, എനിക്കറിയാം! ഇപ്പോൾ, ഇതു രണ്ടും എന്റേതാണ്.”

ഇപ്രകാരം പറഞ്ഞിട്ട്, അവിടം വിട്ടുപോകാനൊരുങ്ങി, ഇരു വശത്തെയും പാവപ്പെട്ട ജന ങ്ങളെ നോക്കിക്കൊണ്ട്, അതിൽ ഏറ്റവും ദരിദ്രരായവർക്ക് ആ രണ്ട് സിൽക്ക് ധോത്തി കളും സമ്മാനിച്ചിട്ട്, പോർട്ടർ അവിടെനിന്നും അപ്രത്യക്ഷനായി! സ്വാമി അവിടുന്ന് ഇഷ്ട പ്പെടുന്ന, അവിടുന്ന് സങ്കൽപ്പിക്കുന്ന ഏതു വേഷത്തിലും വരാം എന്ന് നിങ്ങളെ അറിയി ക്കുന്നതിനായാണ് ഈ സംഭവം പറയുന്നത്! രാമകൃഷ്ണറാവുവിന്റെ കാര്യത്തിൽ, അവി ടുന്ന് ഇലക്ട്രീഷ്യന്റെ രൂപത്തിൽ വന്നു; വിശ്വനാഥശർമ്മയുടെ കാര്യത്തിൽ, അവിടുന്ന് റെയിൽവെ പോർട്ടറുടെ വേഷത്തിൽ വരികയുണ്ടായി.

ഇനി, മൂന്നാമത്തെ ഉദാഹരണം വളരെ ചുരുക്കി ഞാൻ നിങ്ങളോട് പറയാം. ബൃന്ദാവൻ കാമ്പസ്സിലെ ഒരു ലക്ചറർ ഉണ്ട്. അദ്ദേഹം അക്കാലത്ത് ഒരു വിദ്യാർത്ഥിയാണ്, സിറ്റിയി ലാണ് പഠിക്കുന്നത്, പഠനം തുടരുകയാണ്-പോസ്റ്റ് ഗ്രാജ്വേറ്റ് പഠനം. പരീക്ഷക്കാലമായി രുന്നു അത്, ഈ കുട്ടി യൂണിവേഴ്സിറ്റിയിലേക്ക് പോയി. നിങ്ങൾക്കറിയാവുന്നപോലെ, ഹോസ്റ്റലിൽനിന്ന് യൂണിവേഴ്സിറ്റിയിലെത്താൻ ഒരു മണിക്കൂറെടുക്കും. ബാംഗ്ലൂരിലുള്ള യൂണിവേഴ്സിറ്റിയിലേക്ക് തന്റെ അവസാന വർഷ പരീക്ഷ എഴുതാൻ പോയതാണ് ഈ കുട്ടി.

ശരി, വളരെ ദൗർഭാഗ്യകരമെന്നു പറയട്ടെ, അവൻ തന്റെ ഹാൾ ടിക്കറ്റ് മറന്നു. അവൻ ഹാൾ ടിക്കറ്റ് എടുക്കാൻ വിട്ടുപോയി. നിങ്ങൾക്കറിയാവുന്നപോലെ, പരീക്ഷാഹാളിൽ

ഹാൾ ടിക്കറ്റ് ഇല്ലാതെ പ്രവേശിക്കുന്നതിന് നിയമം ആരെയും അനുവദിക്കുന്നില്ല; അവൻ അത്രമേൽ നിരാശനും നിസ്സഹായനുമായി, എന്തുകൊണ്ടെന്നാൽ ഒരു മണിക്കൂർ കൊണ്ട് തിരികെപ്പോയിട്ട് തിരിച്ചുവരാൻ അവന് കഴിയില്ലായിരുന്നു. ഒരു മണിക്കൂറെടുക്കും, ആ സമയത്തിനകം പരീക്ഷ കഴിഞ്ഞിരിക്കും! അവൻ സ്വാമിയോട് പ്രാർത്ഥിക്കുകയായിരുന്നു.

പെട്ടെന്ന് എവിടെനിന്നോ ഒരു പ്യൂൺ വന്നു. "സർ, ഇതാ താങ്കളുടെ ഹാൾ ടിക്കറ്റ്, ഇത് എടുത്തുകൊണ്ടുപോകൂ!" അങ്ങനെ, ആ ഹാൾ ടിക്കറ്റ് കാണിച്ച്, അവന് പരീക്ഷ എഴുതാൻ കഴിഞ്ഞു.



അവൻ തിരികെ പോയി. വൈകുന്നേരത്ത് ദർശന സമയത്ത്, ഈ കുട്ടി പറഞ്ഞു, "സ്വാമീ! ഞാൻ നന്നായി എഴുതിയിട്ടുണ്ട്. ഞാൻ പരീക്ഷയിൽ നല്ല പ്രകടനമാണ് കാഴ്ച വച്ചത്!"

അപ്പോൾ ബാബ പറഞ്ഞു, "നീ നിന്റെ ഹാൾ ടിക്കറ്റ് മറന്നു. അത് അത്യാവശ്യമാണെന്ന് നിനക്കറിയില്ലേ? നീ നിന്റെ ഹാൾ ടിക്കറ്റ് ഇവിടെ ഹോസ്റ്റലിൽ മറന്നു."

അപ്പോൾ ആ കുട്ടി പറഞ്ഞു, "സ്വാമീ, ഏതോ ഒരു ശിപായി അതെനിക്ക് തന്നു!"

"അല്ലല്ല! അത് പ്യൂണല്ല. ഞാൻ, സ്വയം അവിടെ വന്നിട്ട് നിനക്ക് ഹാൾ ടിക്കറ്റ് തന്നതാണ്!"

അങ്ങനെ, ഈ ലക്ചററുടെ കാര്യത്തിൽ സ്വാമി ഒരു പ്യൂണിന്റെ രൂപത്തിലാണ് വന്നത്. അദ്ദേഹം ഇന്നും ബൃന്ദാവനിൽ രസതന്ത്ര വിഭാഗത്തിൽ ജോലി നോക്കുന്നുണ്ട്, രവികുമാർ എന്നാണ് പേര്.

അതുകൊണ്ട്, ചുരുക്കി പറഞ്ഞാൽ, ഡോ. ബർഗുള രാമകൃഷ്ണറാവുവിന്റെ കാര്യത്തിൽ, അവിടുന്ന് ഇലക്ട്രീഷ്യന്റെ രൂപത്തിൽ വന്നു; പൊദിരി വിശ്വനാഥശർമ്മയുടെ കാര്യത്തിൽ, ഞങ്ങൾ ദൃക്സാക്ഷികളായിരുന്നതുപോലെ, അവിടുന്ന് ഒരു റെയിൽവെ

പോർട്ടറുടെ വേഷത്തിൽ വരികയുണ്ടായി; ഇവിടെ സ്വാമി ഒരു പ്യൂണിന്റെ രൂപത്തിൽ ഹാൾ ടിക്കറ്റ് കൊടുക്കാനായും വന്നതാണ് നാം കണ്ടത്.

നിങ്ങളുടെ സമയത്തിന് വളരെ നന്ദി.

സായി രാം!

(തുടരും)



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)